മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് അലങ്കാര മത്സ്യകൃഷി

10 (3649) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് അലങ്കാര മത്സ്യകൃഷിയിൽ തൊഴിൽ നൽകുമെന്ന പ്രഖ്യാപനമനുസരിച്ച് നാളിതുവരെ എത്ര പേർക്ക് തൊഴിൽ നല്കി ;

(ബി) ഈ പദ്ധതിയനുസരിച്ച് ഇതുവരെ എത്ര അലങ്കാര മത്സ്യകൃഷി ഫാമുകളും അക്വേറിയങ്ങളും ആരംഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി മത്സ്യഫെഡ് നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(ഡി) പദ്ധതിയുടെ ഗുണഭോക്താക്കളായ സ്ത്രീകളുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടാത്ത സ്ത്രീകൾക്ക് ഈ പദ്ധതി പ്രകാരം തൊഴിൽ നൽകുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) 600 പേർക്ക് പരിശീലനം നൽകുകയും 300 സ്ത്രീകൾക്ക് ധനസഹായം നൽകുകയും അവരിൽ 84 പേർ അലങ്കാര മത്സ്യകൃഷി ആരംഭിക്കുകയും ചെയ്തു. മത്സ്യ കൃഷി ആരംഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	2
കൊല്ലം	34
ആലപ്പുഴ	14
കോട്ടയം	8
എറണാകുളം	2
തൃശ്ശൂർ	20
മലപ്പുറം	4
ആകെ	84

ഈ പദ്ധതിയിൽ അക്വേറിയം വിഭാവനം ചെയ്തിട്ടില്ല.

(സി) 18.5762 ലക്ഷം രൂപ

(ഡി) ജാതി തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഇ) മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടാത്ത സത്രീകൾ ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹരല്ല.

LIBRARY ARCHIVES Kerala Legislative Assembly